ഇ.എം. (1) 25814/2017 സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 12.12.2017

**സർക്കുലർ 50/2017**

വിഷയം. ജില്ലാ സഹകരണ ബാങ്ക് – ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ ഉത്തരവുകൾക്ക് റീ-ഓപ്ഷൻ അനുവദിക്കുന്നത് സംബന്ധിച്ച്.

സൂചന.
1. 8.12.2009 ലെ സ.ഉ(കൈ)നം.210/2009/സഹ.നം. സർക്കാർ ഉത്തരവ്
2. 31.3.2015 ലെ സ.ഉ.(കൈ)51/2015/സഹ.നം. സർക്കാർ ഉത്തരവ്
3. 17.11.2017 ലെ സഹ.ബി.2/76/2017/സഹ.നം.സർക്കാർ കത്ത്.

......

സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പളം സൂചന (1), (2) ഉത്തരവുകൾ പ്രകാരം പരിഷ്ക്കരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ശമ്പള പരിഷ്ക്കരണ ഉത്തരവുകളിൽ ഓപ്ഷൻ നൽകുന്നത് അന്തിമമായിരിക്കുമെന്നും, റീ-ഓപ്ഷൻ അനുവദിക്കുന്നതല്ലെന്നും വ്യവസ്ഥ ചെയ്തിരുന്നു. ടി ശമ്പള പരിഷ്ക്കരണ ഉത്തരവുകൾക്ക് റീ-ഓപ്ഷൻ അനുവദിക്കുന്നതിനായി നിരവധി അപേക്ഷകൾ ഈ ആഫീസിൽ ലഭിച്ചിരുന്നു. ജീവനക്കാരുടെ പൊതു ആവശ്യം പരിഗണിച്ച് സൂചന(1), (2) സർക്കാർ ഉത്തരവുകൾ പ്രകാരം ശമ്പളം നിർണ്ണയിക്കുന്നതിനുള്ള റീ ഓപ്ഷന് അപേക്ഷിക്കുവാൻ അന്തിമമായി ഒരു തവണത്തേക്ക് ഒരു മാസത്തെ സമയം അനുവദിച്ച് എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും നിർദ്ദേശം നൽകുന്നതിന് സൂചന (3) പ്രകാരം സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു . ആയതിന്റെ അടിസ്ഥാനത്തിൽ റീ-ഓപ്ഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ചുവടെ പറയും പ്രകാരം മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിലെ ജീവനക്കാർക്ക് സൂചന (1), (2) എന്നിവ പ്രകാരം പുറപ്പെടുവിച്ച ശമ്പള പരിഷ്ക്കരണ ഉത്തരവുകൾക്ക് റീ-ഓപ്ഷന് അപേക്ഷിക്കുവാൻ 15.12.2017 മുതൽ 14.1.2018 വരെയുള്ള ഒരു മാസത്തെ സമയം അനുവദിക്കുന്നു. ടി സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുവാൻ പാടുള്ളതല്ല. ടി സമയപരിധി കൃത്യമായി പാലിക്കുന്നുണ്ടെന്ന് ജില്ലാ സഹകരണ ബാങ്ക് ജോയിന്റ് ഡയറക്ടർ /കൺകറന്റ് ആഡിറ്റർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

ഒപ്പ്,
പി.ആർ.രാജേഷ്,
**സഹകരണ സംഘം രജിസ്ട്രാർ ഇൻ ചാർജ്ജ്**

1. എല്ലാ ജില്ലാ സഹകരണ ബാങ്ക് അഡ്മിനിസ്ട്രേറ്റർ/ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
2. എല്ലാ ജില്ലാ സഹകരണ ബാങ്ക് , കൺകറന്റ് ആഡിറ്റർ/ജോയിന്റ് ഡയറക്ടർമാർക്കും
3. എല്ലാ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർമാർക്കും

പകർപ്പ്

1. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
2. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
3. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും
4. എഡിറ്റർ, സഹകരണ വീഥി, സഹകരണ ജേർണൽ
5. ഈ ആഫീസിലെ എല്ലാ സെക്ഷനുകൾക്കും
6. വെബ്സൈറ്റ്
7. സ്റ്റോക്ക് ഫയൽ/ സ്പെയർ